അത്തൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

265 (3245) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ ?

ഉത്തരം

അത്തൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തി ചുവടെ ചേർക്കുന്നു :

പ്രവൃത്തി	എസ്റ്റിമേറ്റ്	പ്രവർത്തന പുരോഗതി
മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം	23.75 ലക്ഷം	CRZ-ന്റെ പരിധിയിൽ വരുന്നതുകൊണ്ട് തർക്കം നിലനിൽക്കുന്നു. ആയതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രത്യാശ പദ്ധതി

266 (3246) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ 'പ്രത്യാശ' പദ്ധതി മുഖേനയുള്ള ധനസഹായത്തിനായി ഇടുക്കി ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് ധനസഹായം നൽകുകയുണ്ടായി ; ഇനി എത്ര പേർക്ക് ധനസഹായം നൽകാനുണ്ട് ; എത്ര അപേക്ഷകൾ നിരസിച്ചു ; വിശദാംശം നൽകാമോ ;

(ബി) പ്രത്യാശ സ്കീം, മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) ധനസഹായത്തിനായി 60 ദിവസം മുൻപേ അപേക്ഷ നൽകണം എന്ന നിബന്ധനയിൽ ഇളവ് വരുത്തുമോ ;

(ഡി) പ്രത്യാശ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രത്യാശ വിവാഹധനസഹായ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ നിന്നും 231 അപേക്ഷകൾ ലഭിച്ചു. 37 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 137 പേർക്ക് ധനസഹായം നൽകാനുണ്ട്. അപാകതയുള്ള 57 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കിയിരുന്ന പദ്ധതിയാണ് പ്രത്യാശ വിവാഹ ധനസഹായ പദ്ധതി. 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹത്തിനു മുമ്പ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. നിത്യരോഗികളായവർ, അംഗപരിമിതർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ലഭിക്കത്തക്ക വിധത്തിൽ മിഷൻ നിയോഗിക്കുന്ന ആഫീസർ സ്ഥലം സന്ദർശിച്ച് നടത്തുന്ന സാമ്പത്തിക സാമൂഹിക വിശകലന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

(സി) ധനസഹായത്തിനായി 60 ദിവസം മുൻപേ അപേക്ഷ നൽകണമെന്നുള്ള നിബന്ധന കർക്കശമായി പാലിച്ചിട്ടില്ല. വിവാഹത്തിന് 5 ദിവസത്തിനു മുമ്പ് ലഭിച്ചിരുന്ന അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്.

(ഡി) അപേക്ഷയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തൽ

267 (3247) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ വാർഡ് മൂന്നിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 6-2-2014-ൽ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്നും ആയത് അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly